# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1451 — 15.02.2016-ൽ മറുപടിയ്ക്ക്

## സാംസ്കാരിക മേഖലയുടെ വളർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ്:<br>ശ്രീ. എ.റ്റി. ജോർജ്ജ്:<br>ശ്രീ. പി.എ. മാധവൻ:<br>ശ്രീ. കെ. മുരളീധരൻ: | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) ഈ സർക്കാരിന്റെ കാലത്ത് സാംസ്കാരിക മേഖലയിലെ വളർച്ചയ്ക്ക് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) പദ്ധതി നടത്തിപ്പിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | എ) ബി) & സി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഓരോ സ്ഥാപനവും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സാംസ്കാരിക കാര്യ വകുപ്പിൻ കീഴിലെ വിവിധ വകുപ്പുകൾ/ സ്ഥാപനങ്ങൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ട് വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. 2015 ഡിസംബർ മാസം 18 മുതൽ 22 വരെ കോട്ടയത്ത് സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പ് /സ്ഥാപനങ്ങളെ ഉൾപ്പെടുത്തി സംഘടിപ്പിച്ച സുവർണ്ണം 2015 പദ്ധതി ഇതിന്റെ ഉത്തമ ഉദാഹരണമാണ്. കേരളത്തിലെ വിവിധ സ്വകാര്യ സാംസ്കാരിക സംഘടനകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ധനസഹായം സാംസ്കാരിക വകുപ്പിൽ നിന്നും നൽകുന്നുണ്ട്. കേരള സംസ്കാര വ്യാപനത്തിന്റെ ഭാഗമായി കേരള സാംസ്കാരിക വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല സമ്പൂർണ്ണ സാംസ്കാരിക സർവ്വകലാശാലയായി രൂപാന്തരപ്പെടുത്താനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയതും, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിയതും, പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ, കാക്കണ്ണൻ പാറയിലെ കലാഗ്രാമം, കടിയേറ്റ മ്യൂസിയം നിർമ്മാണത്തിനുള്ള നടപടികൾ, |

വൈക്കം സത്യാഗ്രഹ സ്മാരക മ്യൂസിയം, കേന്ദ്ര സഹായത്തോടെയുള്ള മ്യൂസിയം നവീകരണം, വഴിയോരശില്പങ്ങൾ, എന്നീ പ്രവർത്തനങ്ങളെല്ലാം സാംസ്കാരിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങളാണ്.

കേരളത്തിന്റെ സാംസ്കാരിക മേഖലയുടെ വളർച്ചയും അതുവഴി മേഖലയിൽ തൊഴിൽ സാദ്ധ്യതയും ഉണ്ടാകുന്നതിലേയ്ക്കും ലക്ഷ്യമിട്ട് പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ' മ്യൂസിയം ഗൈഡ് പ്രോജക്ട് ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷിത സ്മാരകങ്ങൾ കേടുവരുത്തുന്നത് തടയുന്നതിനും അവയുടെ സംരക്ഷണത്തിനുമായി 'Monument Attender Training Project' എന്ന പദ്ധതി പുരാവസ്തു വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും നാടൻ കലാ സംഘങ്ങളെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കൊണ്ടു വന്ന് "ഭാരതോത്സവം" സംഘടിപ്പിച്ച് "നാനാത്വത്തിൽ ഏകത്വം" എന്ന ഭാരതീയ പാരമ്പര്യത്തിന്റെ മഹത്വം വിളിച്ചറിയിക്കാൻ സാധിച്ചു. ചരിത്രത്തിലാദ്യമായി വിദേശ നാടൻ കലാകാരന്മാരെ പങ്കെടുപ്പിച്ച് "ഇന്റർ നാഷണൽ ഫോക് ഫെസ്റ്റ്" സംഘടിപ്പിച്ചു. നാടോടി വാദ്യങ്ങളേയും, ദേശീയ അന്തർ ദേശീയ പാരമ്പര്യ വാദ്യോപകരണങ്ങളേയും പുതുതലമുറയ്ക്ക് പരിചയപ്പെടുത്താൻ പാലക്കാട് കൽപ്പാത്തി യിൽ 2000-ത്തോളം വാദ്യോപകരണങ്ങളുടെ മ്യൂസിയവും ഗവേഷണ കേന്ദ്രവും ആരംഭിച്ചു. തിരുവിതാംകൂറിലെ നാടൻ കലകളേയും നാടോടി വിജ്ഞാനീയത്തേയും ലോകത്തിന് പരിചയപ്പെടുത്താൻ കോട്ടയത്ത് ട്രാവൻകൂർ ഫോക് വില്ലേജ് ആരംഭിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് രക്തസാക്ഷിത്വം വഹിച്ച ധീരദേശാഭിമാനികളുടെ ഓർമ്മയ്ക്കായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ സമ്മേളനം നടത്തിയ വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യ സമര സ്മാരകം നിർമ്മാണം പൂർത്തിയായി തുറന്നു കൊടുത്തിട്ടുണ്ട്.

Dup

സെക്ഷൻ ഓഫീസർ